"ഭരണഭാഷ – മാതൃഭാഷ"

DFB/2879/2026-T2

“സുരക്ഷാഭവൻ”

ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് &ബോയിലേഴ്സ്

കുമാരപുരം, തിരുവനന്തപുരം-11

ഫോൺ : 0471-2441597

ഇ-മെയിൽ : directorate.fab@kerala.gov.in

തീയതി : 13-10-2026

**<u>സർക്കുലർ</u>**

വിഷയം:- ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് – അംഗീകൃത Competent Persons/Institutions – ഫാക്ടറികളിൽ നടത്തുന്ന പരിശോധനകൾ FABOS-ലെ Competent Module മുഖേന മാത്രം നടത്തുന്നത് – സംബന്ധിച്ച്.

സൂചന :- ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ Competent Persons സംബന്ധമായ നിലവിലുള്ള നടപടിക്രമങ്ങൾ.

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ അംഗീകാരപരിധിയിൽ വരുന്ന ഫാക്ടറികളിൽ നടത്തുന്ന പരിശോധനകൾ, ടെസ്റ്റുകൾ, സർട്ടിഫിക്കേഷനുകൾ എന്നിവ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനും, അവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഡിജിറ്റൽ സംവിധാനത്തിൽ രേഖപ്പെടുത്തുന്നതിനുമായി, "Competent Module" എന്ന പുതിയ സംവിധാനം ഫാക്ടറീസ് & ബോയിലേഴ്സ് ഓൺലൈൻ സിസ്റ്റത്തിൽ (FABOS) സജ്ജീകരിച്ചിട്ടുണ്ട് . ആയതിനാൽ, **15/10/2026** മുതൽ, വകുപ്പ് അംഗീകരിച്ചിട്ടുള്ള എല്ലാ Competent Persons/Institutions-ഉം വകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന ഫാക്ടറികളിൽ നടത്തുന്ന എല്ലാ പരിശോധനകളും ടെസ്റ്റുകളും സർട്ടിഫിക്കേഷനുകളും FABOS-ലെ Competent Module മുഖേന നടത്തേണ്ടതും റിപ്പോർട്ടുകൾ മൊഡ്യൂൾ മുഖേന തന്നെ സമർപ്പിക്കേണ്ടതുമാണ് .Competent Module മുഖേനയല്ലാതെ ,നേരിട്ടോ ഓഫ്‌ലൈനായോ മറ്റേതെങ്കിലും മാർഗത്തിലൂടെയോ നടത്തുന്ന പരിശോധനകളും, സമർപ്പിക്കുന്ന റിപ്പോർട്ടുകളും വകുപ്പിന്റെ ഔദ്യോഗിക നടപടിക്രമത്തിന്റെ ഭാഗമായി പരിഗണിക്കുന്നതല്ല.

അതിനാൽ, വകുപ്പിന്റെ അംഗീകാരമുള്ള എല്ലാ Competent Persons/Institutions-ഉം മേൽ നിർദ്ദേശങ്ങൾ **15/10/2026** മുതൽ കർശനമായി പാലിക്കേണ്ടതാണ്.

**ഡയറക്ടർ**
**ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്**
കേരളം

To:- 1) ഫാക്ടറീസ് ആൻഡ് ബോയിലേർസ് വകുപ്പ് അംഗീകരിച്ച എല്ലാ കോംപീറ്റന്റ് പേഴ്സൺസ് & ഇൻസ്റ്റിട്യൂഷൻസ്

2) ടെക്നിക്കൽ സെക്ഷൻ

3) സി എ ടു ഡി എഫ് ബി

Digitally signed by
Sooraj Krishnan R
Date: 13-10-2026
13:14:11